**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2990** **20.12.2012-ലെ മറുപടിക്ക്**

**ചീമേനി വില്ലേജിൽ താമസിക്കുന്ന കൈവശക്കാരിൽ പട്ടയം ലഭിച്ചിട്ടുള്ളവർ**

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കയ്യൂർ - ചീമേനിയിലെ ചീമേനി വില്ലേജിൽ താമസിക്കുന്ന കൈവശക്കാരിൽ എത്ര പേർക്കാണ് നാളിതുവരെ പട്ടയം ലഭിച്ചിട്ടുള്ളതെന്നും ഇനി എത്ര പേർക്കാണ് ലഭ്യമാക്കാനുള്ളതെന്നും വ്യക്തമാക്കാമോ;ഇവർക്ക് എന്ന് പട്ടയം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (എ) | ചീമേനി വില്ലേജിൽ താമസിക്കുന്ന കൈവശക്കാരിൽ 113 പേർക്ക് നാളിതുവരെ പട്ടയം നൽകിയിട്ടുണ്ട്. 17.05.2010 ലെ ജി.ഒ(എം.എസ്)നമ്പർ. 175/2010/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിനു ശേഷം തങ്ങളുടെ പേരുകൾ പ്രസ്തുത സർക്കാർ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന പരാതിപ്പെട്ടിട്ടുള്ള 115 ആൾക്കാരുടെ ലിസ്റ്റ് 23.07.2012 ന് ലാന്റ് ബോർഡ് സെക്രട്ടറി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇവരുടെ കാര്യത്തിൽ തീരുമാനമെടുക്കുന്നതിനായി അപേക്ഷകരിൽ എത്ര പേർക്കാണ് മിച്ചഭൂമി പതിച്ചുകിട്ടുവാൻ അർഹതയുള്ളതെന്നും അർഹതയില്ലാത്ത കൈവശക്കാരുണ്ടെങ്കിൽ അവരുടെ കൈവശഭൂമിയുടെ മാർക്കറ്റ് വില എത്രയെന്നും ഉൾപ്പെടെ വ്യക്തവും വിശദവുമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ലാന്റ് ബോർഡ് സെക്രട്ടറിയോടും കാസർകോട് ജില്ലാ കളക്ടറോടും ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അർഹത പരിശോധിച്ചു മാത്രമേ സർക്കാരിന് ഈ വിഷയത്തിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളു. |

**സെക്ഷൻ ആഫീസർ**